# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.658 — 02-11-2016 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ.മുഹമ്മദ് മുഹസിൻ.പി.**
**ശ്രീ. സി. ദിവാകരൻ**
**ശ്രീമതി.ഗീതാ ഗോപി**
**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**

**മറുപടി**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

### സെൻട്രലൈസ്ഡ് ബഡ്ജറ്ററി കൺട്രോൾ സിസ്റ്റം

| | | |
|---|---|---|
| (എ) | ധനവിനിയോഗം ക്രമീകരിക്കുന്നതിനും ശരിയായ രീതിയിൽ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനമായ സെൻട്രലൈസ്ഡ് ബഡ്ജറ്ററി കൺട്രോൾ സിസ്റ്റത്തിന്റെ വിശദാംശങ്ങൾ നല്കുമോ; | ധനവിനിയോഗം ക്രമീകരിക്കുന്നതിനും ശരിയായ രീതിയിൽ നിരീക്ഷിക്കുന്നതിനുമായി സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) സമീപ ഭാവിയിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ധനവിനിയോഗത്തിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ സംവിധാനം വളരെയധികം സഹായകരമാകും. സംസ്ഥാന സർക്കാരും ഭാരത സർക്കാർ, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുതലായവയും തമ്മിലുള്ള പണമിടപാടുകളുടെ അതിയന്ത്രവൽക്കരണത്തിലൂടെയുള്ള സമഗ്രമായ സംയോജനമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ട്രഷറി ഇടപാടുകൾക്കായി ഇ-ട്രഷറി സംവിധാനം, ഓൺലൈൻ വഴി ബഡ്ജറ്റ് എസ്റ്റിമേറ്റ് സ്വീകരിക്കുന്നതിനായി ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS), വകുപ്പുതല ധനവിനിയോഗത്തിനായി ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS), ട്രഷറികളിൽ ബില്ലുകൾ സമർപ്പിക്കുന്നതിനായി ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (BIMS), വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് ത്വരിതപ്പെടുത്തുന്നതിനായി വെയ്സ് ആന്റ് മീൻസ് സിസ്റ്റം (WAMS) എന്നീ ഓൺലൈൻ സംവിധാനങ്ങൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. 2014 ഒക്ടോബർ മുതൽ ജീവനക്കാരുടെ ശമ്പള ബില്ലുകളുടെ സമർപ്പണം സ്പാർക്ക് (സർവ്വീസ് ആന്റ് പേറോൾ |
| (ബി) | ബഡ്ജറ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന വെബ് അധിഷ്ഠിത സംവിധാനത്തിന്റെ വിശദാംശങ്ങൾ നല്കുമോ; | |
| (സി) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ചെലവുകളുടെ സൂക്ഷ്മവും കാര്യക്ഷമവുമായ വിനിയോഗത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | |

| | | |
|---|---|---|
| | | അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള-SPARK) വഴി നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും ഫലപ്രദമാക്കുന്നതിനും ഒരു ഓഫീസിന് ഒരു ഡ്രോയിംഗ് ഓഫീസർ എന്ന സംവിധാനം ഇതിനോടകം തന്നെ ആവിഷ്ക്കരിച്ചിട്ടുണ്ട്. ട്രഷറി അക്കൗണ്ടുകളുടെ സമാഹരണവും കൂട്ടിച്ചേർക്കലുകളും ഇപ്പോൾ നടപ്പിലാക്കുന്നത് ഇലക്ട്രോണിക് സംവിധാനം വഴിയാണ്. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിലേക്ക് ട്രഷറി വകുപ്പിന്റെ സെർവറുകളുടെയും നെറ്റ്വർക്കു കളുടെയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി വകുപ്പുകളുടെ ധനവിനിയോഗത്തിന്റെ ദൈനംദിന അവലോകനം നടത്താൻ സാധിക്കും. കൂടാതെ വകുപ്പുകൾ അവയുടെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽത്തന്നെ ധനവിനിയോഗം നടത്തുന്നുവെന്നും ഉറപ്പു വരുത്താൻ സാധിക്കും. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെങ്കിലും സാമൂഹ്യവും സാമ്പത്തികവുമായ വികസന ശീർഷകങ്ങളിലുള്ള പൊതുചെലവിന്റെ പ്രാമുഖ്യം കണക്കിലെടുത്ത് ചെലവിനെ ന്യായയുക്തമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**